# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5843

### 19-11-2019 ൽ മറുപടിക്ക്

### കിഫ്ബി ബോണ്ടുകൾ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) പ്രവാസി ചിട്ടി വഴി സമാഹരിക്കുന്ന തുക കിഫ്ബി പദ്ധതികളിലേക്കായി വിനിയോഗിക്കുന്നതിനായി കെ.എസ്.എഫ്.ഇ. പ്രത്യേകം രൂപകൽപന ചെയ്ത കിഫ്ബി ബോണ്ടുകൾ ഇതിനകം പുറത്തിറക്കിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) ഇതിലൂടെ നാളിതുവരെ എത്ര കോടി രൂപ സമാഹരിച്ചു; ഈ ബോണ്ടിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | 16.11.2019 ലെ കണക്കുകൾ പ്രകാരം ആകെ 64.618 കോടി രൂപയുടെ ബോണ്ടുകൾ കെ. എസ്.എഫ്.ഇയ്ക്ക് നൽകിയിട്ടുണ്ട്. ഇവയ്ക്ക സർക്കാർ ഗ്യാരന്റിയുണ്ട്. |
| (സി) ഇപ്രകാരം കിഫ്ബി ബോണ്ടുവഴി സമാഹരിക്കുന്ന തുക കിഫ്ബിയുടെ ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്; അതിന് ലഭിക്കുന്ന പലിശ എത്രയാണ്; കിഫ്ബി ബോണ്ടിന് നൽകേണ്ട പലിശ എത്രയാണ്; വ്യക്തമാക്കാമോ? | കിഫ്ബി ബോണ്ടു വഴികെ.എസ്.എഫ്.ഇയിൽ നിന്ന് ലഭ്യമാകുന്ന തുക യൂണിയൻ ബാങ്കിൽ ഇതിനായി ആരംഭിച്ച അക്കൗണ്ടിൽ വരികയും തുടർന്ന് എസ്.ബിഐയിൽ സ്വീപ്പ് അക്കൗണ്ട് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക അതാത് ദിവസങ്ങളിൽ എസ്.ബി.ഐയുടെ സ്വീപ് അക്കൗണ്ടുകൾക്ക് ലഭിക്കുന്ന റേറ്റ് ആണ് ബാധകം. കൂടാതെ ഇങ്ങനെ സമാഹരിച്ച തുക കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപങ്ങളിലും നിക്ഷേപിക്കാറുണ്ട്. കിഫ്ബി കാലാകാലങ്ങളിൽ കെ.എസ്.എഫ്.ഇയ്ക്ക് നൽകുന്ന ബോണ്ടുകൾക്ക് അപ്പോൾ സർക്കാർ ട്രഷറിയിലെ നിലവിലുള്ള 1 വർഷത്തിന് പുറത്തുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് അടിസ്ഥാനപ്പെടുത്തിയുള്ള നിരക്ക് ലഭിക്കും. ഇത്തരത്തിൽ 7.5% മുതൽ 8.6% വരെ പലിശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ